(സി) ഈ പദ്ധതിയുടെ ഭാഗമായി കൂട്ടനാട് പ്രദേശത്തെ ഏകദേശം 1400-ൽപ്പരം പാടശേഖരങ്ങളുടെ 2500 കിലോമീറ്ററോളം നീളം വരുന്ന പുറംബണ്ടിന്റെ ഉയരം കൂട്ടുകയും, മോട്ടോർതറ, മോട്ടോർ ഷെഡ്, പൊതുമട, മുതലായവ നിർമ്മിക്കുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതുണ്ട്.

(ഡി) ഇതിനായി ഏകദേശം 1200 കോടി രൂപയിലധികം വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി സമയത്തുതന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഇതുവഴി ഏകദേശം 613 കോടി രൂപയുടെ വാർഷിക നഷ്ടം ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയ സംഭവം

108 (4998) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ചാനലുകളുടെ വിവിധ ഭാഗങ്ങളിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പള്ളിച്ചൽ, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന കനാലുകൾ സ്വകാര്യവ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയത് സംബന്ധിച്ച് ഏതെങ്കിലും പരാതി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഒത്താശയോടെ ചാനൽ വക സർക്കാർ ഭൂമി പിടിച്ചെടുത്ത് നിർമ്മാണം നടത്തിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; സർക്കാർ ഭൂമിയിൽ അനധികൃത നിർമ്മാണത്തിന് അനുമതി നൽകിയ ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വൈക്കം - തവണക്കടവ് സർവ്വീസ്

109 (4999) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, തവണക്കടവ് ജങ്കാർ സർവ്വീസ് നടത്തുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ; എത്രകാലമായി ഇവർ വൈക്കം-തവണക്കടവ്

LIBRARY ARCHIVES Kerala Legislative Assembly